**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ: 126** **26.02.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## പോലീസുകാർ അക്രമിക്കപ്പെടുന്ന സംഭവങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ.എം.കെ.മുനീർ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) തൊടുപുഴ പോലീസ് സ്റ്റേഷന്റെ മുമ്പിലും, കോട്ടയം നാട്ടകം പോളിടെക്നിക് ക്യാംപസിലും വെച്ച് പോലീസിനെ ആക്രമിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത സംഭവങ്ങളിൽ പ്രതികളായവർ ഏതു സംഘടനകളിൽപ്പെട്ടവരാണെന്നുള്ള വിവരം നൽകുമോ; | (ബി) | സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് വർദ്ധിപ്പിച്ചതിനോടനുബന്ധിച്ച് തൊടുപുഴ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് യു.ഡി.എഫ്. നടത്തിയ മാർച്ചിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ ആക്രമിച്ചത് കെ.എസ്.യു., യൂത്ത് കോൺഗ്രസ്സ്, കോൺഗ്രസ്സ് എന്നീ സംഘടനയിൽപ്പെട്ടവരാണ്. പോളിടെക്നിക് ക്യാംപസിനുള്ളിൽ നടന്ന സംഭവത്തിൽ വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് പ്രതിസ്ഥാനത്തുള്ളത്. |
| (സി) നിയമവാഴ്ച നിലനിർത്തേണ്ട പോലീസുകാരെ ആക്രമിക്കുന്ന സംഭവങ്ങളിൽ പ്രതികളെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (സി) | സ്വീകരിക്കുന്നതാണ്. പ്രസ്തുത സംഭവങ്ങളുമായി ബന്ധപ്പെട്ട് തൊടുപുഴ, ചിങ്ങവനം പോലീസ് സ്റ്റേഷനുകളിൽ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1195/17 ആയി രജിസ്റ്റർ ചെയ്ത കേസ്സിൽ 22 പ്രതികൾക്കെതിരെ ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും, നാട്ടകം സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ ക്രൈം നമ്പർ 2013/17 പ്രകാരം ചിങ്ങവനം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**